**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 293** **08-08-2023 - ൽ മറുപടിയ്ക്ക്**

**ചിറയിൻകീഴ് മണ്ഡലത്തിൽ ഭക്ഷ്യ - പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചിറയിൻകീഴ് മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി അതിദരിദ്ര വിഭാഗത്തിൽപ്പെട്ടതായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയ 86കുടുംബങ്ങളുടെ കാർഡുകൾ AAY വിഭാഗത്തിലേക്ക് മാറ്റി നൽകി.<br><br>അഞ്ചുതെങ്ങ് പഞ്ചായത്തിൽ അതിദരിദ്ര വിഭാഗത്തിൽ ഉള്ളതും കടയിൽ നേരിട്ട് പോയി റേഷൻ വാങ്ങാൻ സാധിക്കാത്തതുമായ കാർഡുടമകൾക്ക് റേഷൻ അവരുടെ വീട്ടിൽ നേരിട്ട് എത്തിക്കുന്ന 'ഒപ്പം' പദ്ധതി 2023 ഏപ്രിലിൽ ആരംഭിച്ചു.<br><br>കടയ്ക്കാവൂർ പ്രവർത്തിക്കുന്ന ARD 65, അഞ്ചുതെങ്ങിൽ പ്രവർത്തിക്കുന്ന ARD 122 എന്നിവ കെ-സ്റ്റോറാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വിവിധ പഞ്ചായത്തുകളിലായി പുതുതായി 1823 കുടുംബങ്ങളെ പി.എച്ച്.എച്ച് വിഭാഗത്തിലേക്കും 83 കുടുംബങ്ങളെ എ.എ.വൈ വിഭാഗത്തിലേക്കും മാറ്റിയിട്ടുണ്ട് .<br><br>അഴൂർ പഞ്ചായത്തിലെ ശാസ്തവട്ടം ബ്ലോക്ക് നമ്പർ 14ൽ റീസർവേ നമ്പർ 214/06 ൽ പെട്ട ഭൂമിയിൽ എൻ.എഫ്.എസ്.എ ഗോഡൌൺ നിർമ്മാണത്തിനുള്ള സാധ്യത പരിശോധിച്ചു വരുന്നു.<br><br>മംഗലപുരം പഞ്ചായത്തിലെ തോന്നയ്ക്കലിൽ പ്രവർത്തിക്കുന്ന ARD 255 കെ-സ്റ്റോറാക്കി പ്രവർത്തനം ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ